"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി ഓഫീസറായ ശ്രീ .സുജിത്.എസ്.എസ്., ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.513/2024/AGRI തീയതി,തിരുവനന്തപുരം, 12-06-2024

---

പരാമർശം:-
1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 24/01/2024 തീയതിയിലെ ADFW/12594/2023-SD2 നമ്പർ നടപടിക്രമം
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 19/02/2024 തീയതിയിലെ ADFW/12594/2023-SD2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കൃഷി ഓഫീസറായി 28/06/2019 പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.സുജിത്.എസ്.എസ്. നിർബന്ധിത വകുപ്പുതല പരീക്ഷ പാസ്സാകാതിരുന്നതിനാൽ ടിയാന്റെ പ്രൊബേഷൻ കാലയളവ് പരാമർശം (1) നടപടിക്രമം പ്രകാരം 28/06/2021 മുതൽ 27/06/2022 വരെ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചു കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ശ്രീ .സുജിത്.എസ്.എസ്. ജനുവരി 2023 ന് അക്കൗണ്ട് ടെസ്റ്റ് ലോവർ പരീക്ഷ പാസ്സായിട്ടുണ്ട്. ടി പരീക്ഷയുടെ അവസാന തീയതി 21/05/2023 ആണ്. ശ്രീ .സുജിത്.എസ്.എസ്.- ന്റെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനായി ടിയാളുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ചു ഉത്തരവാകണമെന്ന് പരാമർശം (2) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൃഷി ഓഫീസറായ ശ്രീ .സുജിത്.എസ്.എസ്.-ന്റെ പ്രൊബേഷൻ കെ എസ്.&എസ് എസ് ആർ ഭാഗം II ചട്ടം 21 ലെയും ചട്ടം 28 (bbb) ലെയും 30/08/1989 ലെ 7850/റൂൾസ് -1-88/P&ARD നമ്പർ സർക്കുലറിലെയും വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 22/05/2023 പൂർവ്വാഹ്നം പ്രാബല്യത്തിൽ പ്രഖ്യാപിക്കുന്നതിനായി ടിയാളുടെ പ്രൊബേഷൻ കാലയളവ് 28/06/2022 മുതൽ 23/05/2023 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

VALSALA S D

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ശ്രീ .സുജിത്.എസ്.എസ്., (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ

മുഖാന്തിരം)

കരുതൽ സഞ്ചയം / ഓഫീസ് കോപ്പി ( **AGRI-EA2/151/2024-AGRI)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ